**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.327** | **08/02/2016 ൽ മറുപടിക്ക്** |
|---|---|

**ഗവൺമെന്റ് ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | **ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി )** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ഗവൺമെന്റ് ഉദ്യോഗസ്ഥർക്കെതിരെ എത്ര വിജിലൻസ് അന്വേഷണങ്ങൾ നടന്നിട്ടുണ്ട്; എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി; വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 683 വിജിലൻസ് അന്വേഷണങ്ങൾക്ക് ഉത്തരവിട്ടിട്ടുണ്ട്. അതിൽ 531 എണ്ണത്തിൽ അന്വേഷണം പൂർത്തിയായി |
| (ബി) | ഈ അന്വേഷണങ്ങളിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം; ഇവരിൽ ആർക്കെല്ലാമെതിരെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; | (ബി) യും (സി) യും | കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ വിവിധ നടപടികൾ ശുപാർശ ചെയ്തു. അവരുടെ പേരുവിവരം അനുബന്ധം (1) ആയി ചേർക്കുന്നു. |
| (സി) | ശേഷിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (ഡി) | ഈ കാലയളവിൽ അഴിമതി, കൈക്കൂലി, വിവിധ തരം തട്ടിപ്പുകൾ, ഓപ്പറേഷൻ കുബേര തുടങ്ങിയവയുമായി ബന്ധപ്പെട്ട കേസ്സുകളിൽ പ്രതികളായിട്ടുള്ള ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ എണ്ണം വ്യക്തമാക്കാമോ; | (ഡി) | അഴിമതി നിരോധന നിയമവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ 1519 സർക്കാർ ഉദ്യോഗസ്ഥർ ഉണ്ട്. വിവിധ തരം തട്ടിപ്പുകൾ, ഓപ്പറേഷൻ കുബേര തുടങ്ങിയവ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | ഇതിൽ എത്ര ജീവനക്കാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ; | (ഇ) | അഴിമതി, കൈക്കൂലി ഇവ സംബന്ധിച്ച് നടപടി ശുപാർശ ചെയ്തിട്ടുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം വകുപ്പ് തിരിച്ച് അനുബന്ധം (2 ) ആയി ചേർക്കുന്നു. |
| (എഫ്) | ഇത്തരം കേസ്സുകളുമായി ബന്ധപ്പെട്ട് മുൻ സർക്കാർ ശിക്ഷണ നടപടി സ്വീകരിച്ച ഏതെല്ലാം ജീവനക്കാരെ ഈ സർക്കാർ ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എഫ്) ഉം (ജി) യും | വിവരം ശേഖരിച്ച് വരുന്നു. |
| (ജി) | സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിൽ വിജിലൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്; ഈ വകുപ്പുകളിലെല്ലാം വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ; നിലവിൽ വിജിലൻസ് വിഭാഗം രൂപീകരിച്ചിട്ടില്ലാത്ത വകുപ്പുകളിൽ വിജിലൻസ് വിഭാഗം രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്